# വഖ്ഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും



കേരള വഖ്ഫ് ബോർഡ് ചെയർമാൻ കെ.വി അബ്ദുൽ ഖാദർ എം.എൽ.എയുമായി അഭിമുഖം

അഭിമുഖം

**കെ.വി അബ്ദുൽ ഖാദർ/ ടി.വി മുഹമ്മദലി**

**വഖ്ഫ് ബോർഡ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ എന്തൊക്കെയാണ് പദ്ധതികൾ?**

ബോർഡിന്റെ ക്ഷേമപദ്ധതികൾ ഇപ്പോൾ വളരെ അപര്യാപ്തമാണ്. ബോർഡിന് ലഭിക്കുന്ന ഫണ്ട് 50 ലക്ഷമാണ്. ഇതിൽ 30 ലക്ഷം പള്ളിജീവനക്കാർക്കും മറ്റും പെൻഷൻ നൽകുന്നു. ബാക്കി 20 ലക്ഷം രൂപകൊണ്ടാണ് ചികിത്സാ സഹായവും വിവാഹ സഹായവുമൊക്കെ കൊടുക്കുന്നത്. വിവാഹ സഹായമായും ചികിത്സാ സഹായമായും രണ്ടായിരം രൂപ ഒരാൾക്ക് ലഭിച്ചാൽ അതുകൊണ്ട് ഒരു കാര്യവുമില്ല ഇപ്പോൾ. തുക വർധിപ്പിക്കണം. അതിന് ബോർഡിന്റെ ഫണ്ട് വർധിക്കണം. സർക്കാർ നൽകുന്ന 50 ലക്ഷം ഗ്രാന്റ് വർധിപ്പിക്കണമെന്ന് ബോർഡ് ആവശ്യപ്പെടും. മറ്റു രണ്ടുതരത്തിലും ഫണ്ട് വർധിപ്പിക്കാൻ കഴിയും. ഒന്ന്, വിദേശ രാജ്യങ്ങളിലെ വഖ്ഫ് ഡിപ്പാർട്ട്മെന്റുകളുടെ സഹായം സ്വീകരിക്കലാണ്. ഇതിന് കേന്ദ്ര സർക്കാറിന്റെ അനുമതിയുണ്ട്. നാം ഇതുവരെ ഈ സ്രോതസ്സ് ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിന് സാമൂഹിക ക്ഷേമത്തിന്റെ ഒരു പദ്ധതി തയാറാക്കി കിട്ടാവുന്നത്ര സഹായങ്ങൾ അവിടങ്ങളിൽനിന്ന് വാങ്ങിയെടുക്കാൻ ശ്രമിക്കും. മറ്റൊന്ന്, വ്യവസായികളും മറ്റുമായ എൻ.ആർ.ഐ നിക്ഷേപകരുണ്ടല്ലോ നമുക്ക്. ഇവരിൽ പലരും സഹായിക്കാൻ മനസ്സുള്ളവരാണ്. അവരുടെ മുന്നിൽ ക്ഷേമപദ്ധതിയുടെ ഒരു പ്രോജക്ട് ഇതുവരെ വെച്ചിട്ടില്ല. അവരെ വിളിച്ചുചേർത്ത് ഇങ്ങനെ ഒരാശയം സമർപ്പിക്കുക പോലും ചെയ്തിട്ടില്ല. ഈ മാർഗവും അവലംബിക്കാൻ ആലോചനയുണ്ട്. ഇങ്ങനെ ബോർഡിന്റെ ഫണ്ട് വർധിപ്പിക്കാൻ കഴിഞ്ഞാൽ, സഹായ തുക വർധിപ്പിക്കാൻ കഴിയും. ഇന്നുള്ളതിനേക്കാൾ കൂടുതൽ പേർക്ക് സഹായം നൽകാനും കഴിയും. ചുരുക്കത്തിൽ, സാമൂഹികക്ഷേമരംഗത്ത് ബോർഡ് കുറേക്കൂടി താഴേതലത്തിൽ ഇടപെടാൻ ശ്രമിക്കും.

**അന്യാധീനപ്പെട്ട വഖ്ഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കുമെന്ന് താങ്കൾ പ്രസ്താവിച്ചിരുന്നല്ലോ?**

രജിസ്റ്റർ ചെയ്യാത്ത ധാരാളം വഖ്ഫ് സ്വത്തുക്കളുണ്ടെന്ന് പറയുന്നു. ഇവ കണ്ടെത്താൻ മഹല്ലുകളുടെ സഹായത്തോടെ ശ്രമിക്കും. കാരണവന്മാർ വഖ്ഫ് ചെയ്ത വസ്തുക്കൾ പിന്നീടുള്ള തലമുറ അത് രജിസ്റ്റർ ചെയ്യാതെ സ്വന്തമായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതായി കേൾക്കുന്നു. ഇത് എവിടെയൊക്കെയാണെന്ന് വഖ്ഫ് ബോർഡിനറിയില്ല, മഹല്ലുകൾക്കേ അറിയൂ.

**വഖ്ഫ് സ്വത്തുക്കൾ, അത് വഖ്ഫ് ചെയ്തവരുടെ ഉദ്ദേശ്യത്തിനനുസൃതമാംവിധം കൈകാര്യം ചെയ്യപ്പെടുന്നില്ലെന്ന പരാതിയുണ്ട്?**

മുതവല്ലിമാരെ മേഖലാതലത്തിലോ മറ്റോ വിളിച്ചുചേർത്ത് വഖ്ഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന്റെ മാനദണ്ഡത്തെപ്പറ്റി അവരുമായി ആശയവിനിമയം നടത്തും. വഖ്ഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിന് വഖ്ഫ് ആക്ട് നിലവിലുണ്ട്. എന്നാലും ബോധവത്കരണം ഈ വിഷയത്തിൽ വേണ്ടതുണ്ട്.

**വഖ്ഫ് ഭൂമികൾ പലയിടങ്ങളിലും തരിശായി കിടക്കുന്നു?**

മുതവല്ലിമാർ പലരും ഇപ്പോൾ വഖ്ഫ് സ്വത്തുക്കളിൽനിന്ന് കിട്ടുന്ന വരുമാനംകൊണ്ട് പള്ളികളോ അനാഥശാലകളോ നടത്തിക്കൊണ്ടുപോവുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ ഫലഭൂയിഷ്ഠമാക്കാതെ ധാരാളം ഭൂമി കിടപ്പുണ്ട്. അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ബോധവത്കരണം നടത്തും.

സച്ചാർ കമീഷൻ ശിപാർശകളിലെ ഒരു പ്രധാന വിഷയം ഇതാണ്. ഇന്ത്യയിൽ ആകെയുള്ള വഖ്ഫ് ഭൂമികളിൽ– അന്യാധീനപ്പെട്ടതും അല്ലാത്തതുമുണ്ടതിൽ– നല്ല കൃഷിയിറക്കുകയോ വരുമാനത്തിന് സംവിധാനമുണ്ടാക്കുകയോ ചെയ്താൽ വഖ്ഫ് ബോർഡിന്റെ വരുമാനം വർധിക്കും. സാമൂഹിക ക്ഷേമ പദ്ധതികളിലൂടെ അത് മുസ്‌ലിംകൾക്ക് തിരിച്ചുകൊടുക്കുകയും ചെയ്താൽ നല്ല ഫലങ്ങൾ പ്രതീക്ഷിക്കാം. സമുദായത്തിൽനിന്ന് വഖ്ഫ് ബോർഡിന് ലഭിക്കുന്നത് സമുദായത്തിനു തന്നെ തിരിച്ചുകൊടുക്കുകയും ചെയ്യാം. വഖ്ഫ് ഭൂമിയിൽ കൃഷി ചെയ്യുക, കെട്ടിടങ്ങളുണ്ടാക്കുക തുടങ്ങിയ മാർഗങ്ങൾ സ്വീകരിച്ചാൽ ഏതൊരു സ്ഥാപനത്തിന്റേതാണോ വഖ്ഫ് ഭൂമി, അതിന് വരുമാനം കൂടും; ബോർഡിനും വരുമാനം കൂടും.

**വഖ്ഫ് ബോർഡിന്റെ ഭരണസംവിധാനങ്ങൾ തീരെ അപര്യാപ്തമാണ്. വികസന പദ്ധതി?**

കൊച്ചിയിലെ കേന്ദ്ര ഓഫീസും കോഴിക്കോട് റീജ്യണൽ ഓഫീസുമാണ് ബോർഡിനുള്ളത്. കോഴിക്കോട് ഓഫീസ് വാടകകെട്ടിടത്തിലാണ്. മലബാറിന്റെ കേന്ദ്രമെന്ന നിലയിൽ കോഴിക്കോട് റീജ്യണൽ ഓഫീസ് വിപുലീകരിക്കേണ്ടതുണ്ട്. ബോർഡിന് ജില്ലാ ഓഫീസുകൾ സ്ഥാപിക്കാനും ആലോചിക്കുന്നുണ്ട്. കൊച്ചിയിലോ കോഴിക്കോട്ടോ എത്തുന്നതിന് പകരം ജില്ലകളിൽ തന്നെ ജനങ്ങൾക്ക് സൗകര്യമേർപ്പെടുത്തും. ചുരുങ്ങിയത്, വഖ്ഫ് സ്വത്തുക്കൾ കൂടുതലുള്ള മേഖലകളിലെങ്കിലും ജില്ലാ ഓഫീസ് വേണം. ഇക്കാര്യം ബോർഡിൽ വെച്ചിട്ടില്ല. അനൗദ്യോഗികമായ ഒരാലോചനയാണിത്.

**തീർപ്പാകാതെ ധാരാളം ഫയലുകൾ കെട്ടിക്കിടപ്പുണ്ടല്ലോ?**

ഫയലുകൾ പലതരത്തിലുള്ള കേസുകളുടേതാണ്. പലതും സങ്കീർണമാണ്. പരമാവധി കേസുകൾ തീർപ്പാക്കി കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം കുറക്കാൻ നടപടി സ്വീകരിക്കും. വഖ്ഫ് ബോർഡ് ശ്രദ്ധിച്ചാൽ തീരാവുന്ന കേസുകളേ പരിഹരിക്കാൻ കഴിയൂ. ദീർഘകാലമായി തർക്കത്തിലിരിക്കുന്ന കേസുകൾ ബോർഡ് മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിഞ്ഞെന്നുവരില്ല. ഒരു കൂട്ടർക്ക് അനുകൂല വിധിയുണ്ടായാൽ മറ്റേ കൂട്ടർ അപ്പീൽ പോകും. ഇത്തരത്തിൽ പെടാത്ത കേസുകൾ കഴിയുന്നത്ര വേഗം തീർപ്പാക്കാൻ ശ്രമിക്കും. അതേസമയം നീണ്ടുപോകുന്ന കേസുകളിൽ തർക്കങ്ങളുടെ മൂർച്ച കുറക്കാനും ശ്രമിക്കും.

**താങ്കൾ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴുണ്ടായ രാഷ്ട്രീയ വിവാദം?**

രാഷ്ട്രീയ ലക്ഷ്യത്തോടെ ആക്ഷേപം വന്നപ്പോൾ പ്രതികരിച്ചു എന്നു മാത്രം. അത് മറന്ന് മുന്നോട്ടുപോകും. കുറെയെല്ലാം ചെയ്യാൻ കഴിയുമെന്ന വിശ്വാസമുണ്ട്. നമ്മുടെ ടീം നല്ല ടീമാണ്. ബോർഡിൽ ഉള്ളവരെല്ലാം എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിക്കുന്നവരും കഴിവുള്ളവരുമാണ്. പിന്നെ മറ്റു ബോർഡുകൾ പോലെയല്ല വഖ്ഫ് ബോർഡ്. സമവായത്തിലൂടെയാണ് കാര്യങ്ങൾ നടപ്പാക്കാൻ പറ്റുക. രാഷ്ട്രീയ താൽപര്യമോ സ്വജനപക്ഷപാതമോ ഒന്നും ഇതിൽ നടപ്പില്ല. സമുദായത്തിലെ ഒരു പ്രത്യേക വിഭാഗത്തിന് മാത്രമായി എന്തെങ്കിലും ചെയ്യാനും പറ്റില്ല. കാരണം, എല്ലാ വിഭാഗത്തിലും പെട്ടവർ ഉൾക്കൊണ്ടതാണ് ഈ ബോർഡ്. പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിലേ തീരുമാനമെടുക്കാൻ കഴിയൂ.

വിദ്യാഭ്യാസരംഗത്ത് ബോർഡ് ഇപ്പോൾ സ്കോളർഷിപ്പ് നൽകുന്നുണ്ട്. പഠനക്യാമ്പുകളും ശിൽപശാലകളും നടത്തി മുസ്‌ലിം വിദ്യാർഥികളെ പ്രാപ്തരും യോഗ്യരുമാക്കുന്ന സംരംഭം കൂടുതൽ വ്യാപകമാക്കാൻ ആലോചനയുണ്ട്. ബോർഡ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം പരിപാടികൾ വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്. ■

tvmohamedali@rediff.com